പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **114** — 10-06-2013-ൽ മറുപടിക്ക്

## മദ്യഷാപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>" അൻവർ സാദത്ത്<br>" ഡൊമിനിക് പ്രസന്റേഷൻ<br>" പി. എ. മാധവൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മദ്യഷാപ്പുകൾ തുടങ്ങുന്നത് സംബന്ധിച്ചുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) സർക്കാർ ഗസറ്റ് വഴി പ്രസിദ്ധീകരിക്കുന്ന ഏലുകയ്യുള്ളിൽ, നിശ്ചിത വാർഷിക റെന്റലിന്, കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾ, 2002 അനുശാസിക്കുന്ന നിയമത്തിനും, നിബന്ധനകൾക്കും വിധേയമായി, അതാത് വർഷം സർക്കാർ പുറപ്പെടുവിക്കുന്ന മദ്യനയത്തിനും അനുസൃതമായിട്ടാണ് സംസ്ഥാനത്ത് കള്ളുഷാപ്പുകളും, എഫ്.എൽ.1 ഷാപ്പുകളും അനുവദിക്കുന്നത്. ബാറുകൾ, ബിയർ-വൈൻ പാർലറുകൾ, ക്ലബ് ലൈസൻസുകൾ തുടങ്ങിയവ 1953-ലെ ഫോറിൻ ലിക്വർ റൂളിൽ അനുശാസിക്കുന്ന നിയമത്തിനും നിബന്ധനകൾക്കും വിധേയമായിട്ടാണ് അനുവദിക്കുന്നത്. |
| (ബി) ഈ സർക്കാർ പ്രസ്തുത വ്യവസ്ഥകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുകയുണ്ടായി; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) തൊഴിലാളി കമ്മിറ്റിയ്ക്ക് നൽകുന്ന കള്ളുഷാപ്പുകളെ, വൃക്ഷക്കരം അടയ്ക്കുന്നതിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി, 2012-13-ലെ മദ്യനയത്തിൽ മുൻ വർഷത്തേതിൽ നിന്നും മാറ്റം വരുത്തി. 2012-13 മുതൽ 4 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും, 30 മുറികളുള്ള 5 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്കും മാത്രമേ ബാർ ലൈസൻസ് നൽകേണ്ടതുള്ളൂ എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എഫ്എൽ 3 ബാറുകൾ രാവിലെ 8 മണിക്ക് മുമ്പും, രാത്രി 11 മണിക്ക് ശേഷവും തുറന്ന് പ്രവർത്തിക്കാൻ പാടില്ലെന്ന് ചട്ടത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. വിദേശമദ്യനയത്തിൽ വരുത്തിയ ചില ഭേദഗതികൾ, ബഹു. കേരള ഹൈക്കോടതി, 27-07-2012-ലെ W.A. 470/2012 കേസിലെ വിധിയനുസരിച്ച് റദ്ദാക്കിയതിനാൽ, 2011-12, 2012- 13 എന്നീ വർഷങ്ങളിലെ മദ്യനയത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |

| | |
|---|---|
| (സി) മദ്യഷാപ്പുകൾ തുടങ്ങുന്നതിന് അന്തിമ അനുമതി നൽകുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ;<br>(ഡി) ആയതിലേക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി)-യും, (ഡി)-യും<br><br>2012-ലെ കേരള പഞ്ചായത്ത്രാജ് (നാലാം ഭേദഗതി) ഓർഡിനൻസ് പ്രകാരം, പുതുതായി അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ